LIBRARY ARCHIVES Kerala Legislative Assembly

2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ.. പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്കൂൾതല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിലെ അക്കാദമിക നിർവ്വഹണത്തിൽ ഇടപെടുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിലും സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി

20 (*380) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായാണ് കായിക വിദ്യാഭ്യാസവും സ്പോർട്സും ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വികാസമാണ് കായികപഠനം ലക്ഷ്യമിടുന്നത്. പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായിക ഇനങ്ങളിലായി മത്സരങ്ങൾ നടത്തിവരുന്നു. ഇത് സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർദേശീയ തലം വരെ വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള സാധ്യത ഉറപ്പുനൽകുന്നു. കൂടാതെ പ്രൈമറി തലത്തിലെ കുട്ടികളെ കായികവിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യൂട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-21 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലന പദ്ധതികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സ്പ്ലാഷ് എന്നീ പദ്ധതികളിൽ കായിക യുവജനകാര്യാലയം മുഖേന തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരീശീലന പദ്ധതികളായ ജൂഡോക്ക, പഞ്ച് എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് പരിപാടികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ-കായിക പഠനം പ്രീ-പ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി., എച്ച്.എസ്. ക്ലാസുകൾ സ്വതന്ത്രമായും എന്ന രീതിയിൽ കായിക പഠനം നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കോവിഡ് പശ്ചാത്തലത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ കായിക വിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നു. കൂടാതെ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ജെൻഡർ & ഇക്വിറ്റി ശീർഷകത്തിൽ പെൺകുട്ടികൾക്ക് കരാട്ടെ, തായ്ക്കൊണ്ട എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഇതിനായി കേന്ദ്രസഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഫോർ എക്സലൻസായി ജി.വി. രാജ സ്പോട്സ് സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. അത്ലറ്റിക്സ്, ജൂഡോ, ബോക്സിംഗ് ഇനങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും പരിശീലകരേയും ഈ പദ്ധതി മുഖാന്തിരം നൽകിവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിലൂടെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന കാര്യങ്ങളിലേക്ക് അവരെ പരിചയപ്പെടുത്തുക, അങ്ങനെ അവരെ സ്പോട്സിലും ഗെയിമുകളിലും പ്രത്യേക താല്പര്യമുള്ളവരാക്കുക, ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 25 സെന്ററുകളിൽ നടപ്പാക്കുന്നുണ്ട്. കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്ന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ഭൂമിയുടെ തരംമാറ്റൽ

21 (*381) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിയഞ്ച് സെന്റ് വരെ വിസ്തീർണ്ണമുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമോ പറമ്പോ ആക്കി മാറ്റുന്നതിനുള്ള ഉത്തരവിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

25 സെന്റ് വരെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം സൗജന്യമായി അനുവദിച്ചുകൊണ്ട് വിജ്ഞാപനം ചെയ്ത 21-4-2021-ലെ S.R.O. 369/2021-ലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 23-7-2021-ലെ റവ.പി1/117/2021-റവ സർക്കുലർ പ്രകാരം സ്പഷ്ടീകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള ഭൂമി നികത്തുന്നതിനായുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയാതെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.